(ബി) ഇവയിലെല്ലാം കൂടി എത്ര ബാലവാടി അദ്ധ്യാപികമാർ പ്രവർത്തിക്കുന്നുണ്ട് ;

(സി) ഐ. സി. ഡി. എസ്. പ്രോജക്ടിലേക്ക് മാറിയ ബാലവാടി അദ്ധ്യാപികമാർക്ക് അവരുടെ മാസ അലവൻസ് കഴിഞ്ഞ കുറേ കാലമായി ലഭിച്ചിട്ടില്ലെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതു ലഭ്യമാക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ ഇപ്പോൾ സംസ്ഥാനത്ത് ഒട്ടാകെ 1796 ബാലവാടികളും പ്രവർത്തിക്കുന്നു.

(ബി) മേൽപ്പറഞ്ഞ ബാലവാടികളിലായി 1796 ബാലവാടി അദ്ധ്യാപികമാർ പ്രവർത്തിക്കുന്നു.

(സി) നിർദ്ദിഷ്ട യോഗ്യതയില്ലാത്ത ബാലവാടി അദ്ധ്യാപികമാർക്ക് അലവൻസ് ലഭിക്കുന്നില്ലെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ഡി) സാമൂഹ്യക്ഷേമവകുപ്പ് ഇക്കാര്യം പരിശോധിച്ചുവരുന്നു.

പള്ളിക്കൽ പഞ്ചായത്തിലെ ബാലവാടികൾ

342 [445] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ പള്ളിക്കൽ പഞ്ചായത്തിൽ എത്ര ബാലവാടികൾ ഉണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(ബി) അവിടെയെത്ര ഫീഡിംഗ് സെൻററുകളുണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) അവിടെയെത്ര ക്രെഷുകളുണ്ടെന്നും അവ എവിടെയൊക്കെ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാമോ ;

(ഡി) അവിടെയെത്ര വയോജന വിദ്യാഭ്യാസകേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കാമോ ;

(ഇ) അവിടെ ഇനിയും ഈ വർഷം ബാലവാടികളോ ക്രെഷുകളോ ഫീഡിംഗ് സെൻററുകളോ വയോജനവിദ്യാഭ്യാസ കേന്ദ്രങ്ങളോ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) പള്ളിക്കൽ പഞ്ചായത്തിൽ രണ്ട് ബാലവാടികൾ, പള്ളിക്കൽ, മുതല എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നു.

(ബി) മേൽപ്പറഞ്ഞ ബാലവാടികളുമായി ബന്ധപ്പെട്ട രണ്ട് ഫീഡിംഗ് സെൻററുകളും പകൽക്കുറി എന്ന സ്ഥലത്ത് ഒരു ഫീഡിംഗ് സെൻറും (മൊത്തം 3) എണ്ണം പ്രവർത്തിക്കുന്നുണ്ട്.

(സി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ ക്രെഷുകളില്ല.

(ഡി) ഈ വകുപ്പിന്റെ കീഴിൽ ഈ പഞ്ചായത്തിൽ വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളില്ല.

(ഇ) ഇല്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly